# ശീർഷകഗാനം

– എസ്. രമേശൻ നായർ

സഹ്യഗിരിയുടെയുറവകൾ സംസ്-
കാരനിറവുകളരുവികൾ
നിത്യഹരിതവിശാലശാദ്വല-
ഭദ്രമാക്കിയ പൊലിമകൾ
വിസ്തരിച്ചുകഥിച്ചതാരുടെ
വിരൽതലോടിയ കിളിമകൾ
ഒറ്റവാക്കിലവൾക്കു പൂജാ-
പുഷ്പമാണ് 'സപര്യ'

⊙

ഗാഥയിൽ രാമായണത്തിൽ
ബോധദീപത്തെളിമയിൽ
കളിവിളക്കിന്നൊളിയി,ലാട്ട-
ക്കഥകളിൽ തെയ്യങ്ങളിൽ
തിറകളിൽപ്പൂത്തിരകളിൽ കട-
ലിളകുമോട്ടൻതുള്ളലിൽ
കലകളിൽത്തുയിലുണരുമെൻ മല-
യാളപൂജ 'സപര്യ'.

⊙

തലയുയർത്തി നിവർന്നൊരീയഭി-
മാനനാടിൻചരിതമേ
നൂറുമേനിവിളഞ്ഞപൊന്നിൻ
ധീരപൈതൃകസുകൃതമേ
സത്യധർമ്മസനാതനപ്പൊരുൾ
മുത്തുപൊഴിയുമുദാരതേ
ഉജ്ജ്വലോദയസൂര്യമംഗള-
പുഷ്പജ 'സപര്യ'.

⊙

എസ്.രമേശൻ നായർ
എളമക്കര പി.ഒ.
കൊച്ചി–682026